REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 16-05-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അവസാന മൂന്നു ഘട്ടങ്ങളിലെ പ്രചാരണം ഊർജിതമായി തുടരുന്നു.
2. നാലു വർഷ ബിരുദ ഓറിയന്റേഷൻ പരിപാടിയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി.
3. ഹയർസെക്കണ്ടറി- വൊക്കേഷണൽ ഹയർസെക്കണ്ടറി ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി.
4. സംസ്ഥാനത്ത് ഇന്ന് രണ്ട് ട്രെയിനുകളിൽ TTE- മാർക്കു നേരെ അക്രമസംഭവങ്ങൾ- പ്രതികൾ പിടിയിൽ.
5. കേരളത്തിലെ ഡ്രൈവിംഗ് ടെസ്റ്റുകൾ പുനഃരാരംഭിച്ചു.
6. ഇന്ത്യൻ ഫുട്ബോൾ താരം സുനിൽ ഛേത്രി അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കാൻ തീരുമാനിച്ചു.

## വാർത്തകൾ വിശദമായി

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അടുത്ത ഘട്ടങ്ങളിലേക്ക് പ്രചാരണം ഊർജിതമായി തുടരുന്നു. ഈ മാസം 20, 25 തീയതികളിലും, അടുത്തമാസം ഒന്നിനുമാണ് അഞ്ച്, ആറ്, ഏഴ് ഘട്ടങ്ങളിലെ വോട്ടെടുപ്പ്.

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉത്തർപ്രദേശിലെ നാല് മണ്ഡലങ്ങളിൽ പ്രചാരണം നടത്തും. കോൺഗ്രസ്സ് നേതാക്കളായ മല്ലികാർജ്ജുൻ ഖാർഗെയും, രാഹുൽഗാന്ധിയും ഒഡിഷയിലും പ്രചാരണം നടത്തും. BJP ദേശീയ അധ്യക്ഷൻ JP നദ്ദ ഒഡീഷയിലെ ഭുവനേശ്വറിൽ റോഡ് ഷോ നടത്തും.

ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കെജരിവാൾ ഇന്ന് പഞ്ചാബിലെ അമൃത്സറിൽ വൈകിട്ട് റോഡ്ഷോ സംഘടിപ്പിക്കും. സുവർണക്ഷേത്രത്തിൽ കെജരിവാൾ ദർശനം നടത്തുകയും ചെയ്യും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അഞ്ച്, ആറ് ഘട്ടങ്ങളുടെ ഒരുക്കങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ അവലോകനം ചെയ്തു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവർ നിരീക്ഷകരുമായി ഓൺലൈൻ സംവിധാനത്തിലൂടെയാണ് സംവദിച്ചത്.

✪✪✪

പുതുക്കിയ പൗരത്വ ഭേദഗതി നിയമപ്രകാരം പൗരത്വ സർട്ടിഫിക്കറ്റുടെ ആദ്യസെറ്റ് ഇന്നലെ ന്യൂഡൽഹിയിൽ വിതരണം ചെയ്തു. കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് കുമാർ ഭല്ലയാണ് 14 അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് കൈമാറിയത്.

പൗരത്വ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്ത നടപടിയെ ആഭ്യന്തര മന്ത്രി അമിത്ഷാ സാമൂഹ്യമാധ്യമ പോസ്റ്റിൽ ചരിത്രപരമെന്ന് വിശേഷിപ്പിച്ചു. പൗരത്വം നൽകുന്നത് സംബന്ധിച്ച വാഗ്ദാനം NDA ഗവൺമെന്റ് പാലിച്ചുവെന്ന് അദ്ദേഹം പോസ്റ്റിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്തെ കോളജുകളിൽ നടപ്പാക്കുന്ന നാലുവർഷ ബിരുദ കോഴ്സ് സംബന്ധിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അറിവു നൽകുന്ന ഓറിയന്റേഷൻ പരിപാടിയ്ക്ക് തുടക്കമായി. സംസ്ഥാനതല ഓറിയന്റേഷൻ പരിപാടി തിരുവനന്തപുരം പട്ടം സെന്റ്മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാനത്ത് ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകളിലേക്ക് ഓൺലൈനായി അപേക്ഷ സ്വീകരിച്ചു തുടങ്ങി. ഏകജാലക സംവിധാനം വഴിയാണ് പ്രവേശനം. ഈ മാസം 25 വരെ അപേക്ഷ നൽകാം. മേയ് 29-ന് ട്രയൽ അലോട്ട്മെന്റും ജൂൺ 5ന് ആദ്യ അലോട്ട്മെന്റും നടക്കും. ജൂൺ 24 നാണ് ക്ലാസ്സുകൾ ആരംഭിക്കുന്നത്.

✪✪✪

അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് റിപ്പോർട്ട് ചെയ്ത മലപ്പുറം മുന്നിയൂർ പഞ്ചായത്തിൽ ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി. മലപ്പുറം മൂന്നിയൂർ പഞ്ചായത്തിലെ അഞ്ച്

വയസ്സുകാരിക്കാണ് രോഗം സ്ഥിരീകരിച്ചത്. ബന്ധുക്കൾക്കൊപ്പം വീടിന് സമീപത്തെ പുഴയിൽ കുളിച്ചപ്പോഴാണ് രോഗം ബാധിച്ചതെന്ന് കരുതുന്നു. കുട്ടിയോടൊപ്പം പുഴയിൽ കുളിച്ച ബന്ധുക്കൾ നിരീക്ഷണത്തിലാണ്.

മെഡിക്കൽ സംഘം വീടുകളിൽ ബോധവത്കരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. പ്രത്യേക മെഡിക്കൽ സംഘം ഇതിനായി പ്രദേശത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്. പ്രദേശത്തെ ജലസ്രോതസ്സുകളിൽ നിന്ന് വെള്ള സാമ്പിളെടുത്ത് രോഗാണു സാന്നിധ്യം പരിശോധിക്കും.

✪✪✪

സംസ്ഥാനത്ത് ഇന്നലെ രണ്ട് ട്രെയിനുകളിൽ TTE മാർക്കെതിരെ അക്രമസംഭവങ്ങളുണ്ടായി. ബാംഗ്ലൂർ-കന്യാകുമാരി എക്സ്പ്രസിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്ത രണ്ട് യുവാക്കളാണ് TTE മാരെ ആക്രമിച്ചത്. കൊല്ലം സ്വദേശി അശ്വിൻ, പൊന്നാനി സ്വദേശി ആഷിഖ് എന്നിവരാണ് TTE മാരായ UP സ്വദേശി മനോജ് വർമ, തിരുവനന്തപുരം സ്വദേശി ഷമ്മി രാജ് എന്നിവർക്കെതിരെ ആക്രമണം നടത്തിയത്. വടക്കാഞ്ചേരിയിൽ റെയിൽവേ പൊലീസ് ഇവരെ കസ്റ്റഡിയിലെടുത്തു. യുവാക്കളിൽ നിന്ന് RPF കഞ്ചാവും പിടിച്ചെടുത്തു.

മംഗലാപുരം - ചെന്നൈ മെയിലിൽ വനിതാ TTE യ്ക്ക് നേരെയും കയ്യേറ്റ ശ്രമമുണ്ടായി. TTE ആർദ്ര അനിലിനെയാണ് ജനറൽ ടിക്കറ്റുമായി റിസർവേഷൻ കോച്ചിൽ യാത്ര ചെയ്ത മധുസൂദനൻ നായർ വടകരയിൽ കയ്യേറ്റം ചെയ്തത്. ഇയാളെ കോഴിക്കോട് റെയിൽവെ പോലീസ് കസ്റ്റഡിയിലെടുത്തു.

✪✪✪

തമിഴ്നാട്ടിൽ ചെങ്കൽപേട്ട് ജില്ലയിൽ മൂന്ന് വാഹനങ്ങൾ അപകടത്തിൽപ്പെട്ട് നാലു പേർ മരിച്ചു. ചെന്നൈ ട്രിച്ചി ഹൈവേയിൽ സ്വകാര്യ ബസ് ലോറിയിൽ ഇടിച്ചും സ്വകാര്യ ബസിനു പിന്നിൽ ഗവൺമെന്റ് ബസുമിടിച്ചാണ് അപകടമുണ്ടായത്. പരിക്കേറ്റവരെ ചെങ്കൽപേട്ട് ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

തമിഴ്നാട് കമ്പത്ത് കേരള റജിസ്ട്രേഷൻ കാറിൽ മൂന്നംഗ സംഘത്തെ മരിച്ച നിലയിൽ കണ്ടെത്തി. ഒരു സ്ത്രീയുടെയും രണ്ടു പുരുഷന്മാരുടെയും മൃതദേഹമാണ് കണ്ടെത്തിയത്. കോട്ടയം പുതുപ്പള്ളി സ്വദേശിയുടെ ഉടമസ്ഥതയിൽ രജിസ്റ്റർ ചെയ്ത കാറാണ് കണ്ടെത്തിയത്. മരിച്ചവരെ തിരിച്ചറിഞ്ഞിട്ടില്ല.

✪✪✪

സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റുകൾ പുനഃരാരംഭിച്ചു. ഡ്രൈവിംഗ് ടെസ്റ്റ് വ്യവസ്ഥകളിൽ വരുത്തിയ മാറ്റത്തിൽ പ്രതിഷേധിച്ച് ഡ്രൈവിംഗ് സ്കൂൾ ഉടമകൾ കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ സമരം നടത്തിയിരുന്നു. ഇന്നലെ മന്ത്രി KB ഗണേഷ്കുമാറുമായി നടത്തിയ ചർച്ചയിൽ ധാരണയായതിനെ തുടർന്ന് ഡ്രൈവിംഗ് ടെസ്റ്റ് നടപടികളുമായി അവർ സഹകരിക്കുകയായിരുന്നു.

ചർച്ചയെ തുടർന്ന് ടെസ്റ്റ് വാഹനത്തിന്റെ കാലപ്പഴക്കം 15 വർഷത്തിൽ നിന്ന് 18 വർഷമായി ഉയർത്തി. പഴയതു പോലെ H എടുത്തശേഷം മാത്രമായിരിക്കും റോഡ് ടെസ്റ്റ്. ഒരു മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥൻ ദിവസം 40 ടെസ്റ്റ് നടത്തും. രണ്ട് ഉദ്യോഗസ്ഥരുണ്ടെങ്കിൽ 80 ടെസ്റ്റായിരിക്കും നടത്തുക. മോട്ടോർവാഹന വകുപ്പ് ഡാഷ് ക്യാമറ സ്ഥാപിക്കും. ഇതു സംബന്ധിച്ച സർക്കുലർ ഗവൺമെന്റ് പുതുക്കി പ്രസിദ്ധീകരിച്ചു.

✪✪✪

ലക്ഷദ്വീപിൽ ദ്വീപുകൾക്കിടയിലും കൊച്ചി, മംഗലാപുരം തുറമുഖങ്ങളിലേക്കും സർവീസുകൾ നടത്തിയിരുന്ന ഹൈ സ്പീഡ് കപ്പലുകളിലെയും, ഡഗ്ഗുകളിലേയും ജീവനക്കാരുടെ പണിമുടക്ക് പിൻവലിച്ചു. വെട്ടിച്ചുരുക്കിയ ശമ്പള കുടിശിക പുനഃസ്ഥാപിച്ചതിനെ തുടർന്നാണ് സമരം അവസാനിപ്പിച്ചത്.

✪✪✪

കോഴിക്കോട് പന്തീരാങ്കാവിൽ നവവധുവിനെ ഭർത്താവ് മർദിച്ച സംഭവത്തിൽ പോലീസ് അന്വേഷണം ശക്തമാക്കി. കേസ് അന്വേഷണം ഏറ്റെടുത്ത പ്രത്യേക അന്വേഷണ സംഘം പറവൂരിലെത്തി പരാതിക്കാരിയുടെ മൊഴി രേഖപ്പെടുത്തി. കേസിൽ ഭർത്താവ് രാഹുലിനെ കണ്ടെത്താൻ ശ്രമങ്ങളും തുടരുകയാണ്'. വീട്ടിലെ CCTV ദൃശ്യങ്ങൾ കേന്ദ്രീകരിച്ചും അന്വേഷണം നടത്തുന്നുണ്ട്. സംഭവത്തിൽ വനിതാ കമീഷനും 'മനുഷ്യാവകാശ കമ്മിഷനും ഇതിനകം കേസെടുത്തിട്ടുണ്ട്. വനിതാ ശിശുവികസന വകുപ്പ് നിയമസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട് .

അതിനിടെ രാഹുൽ ഒരു സ്വകാര്യ വാർത്താചാനലിന് നൽകിയ വീഡിയോ ക്ലിപ്പിൽ ഭാര്യയെ മർദ്ദിച്ചതായി സമ്മതിച്ചു. എന്നാൽ സ്ത്രീധനത്തിന്റെ പേരിലാണ് മർദ്ദനമുണ്ടായതെന്ന ആരോപണം നിഷേധിച്ച രാഹുൽ ഇപ്പോൾ രാജ്യത്തിനു പുറത്താണെന്നും അറിയിച്ചു.

✪✪✪

തെക്കുപടിഞ്ഞാറൻ കാലവർഷം ഈ മാസം 31-ന് കേരളത്തിലെത്തുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഞായറാഴ്ചയോടെ തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിലും,ആൻഡമാൻ കടലിലും, നിക്കോബാർ ദ്വീപിലും

കാലവർഷം എത്തിയേക്കും. സാധാരണ ജൂൺ ഒന്നിനാണ് കാലവർഷം കേരളത്തിൽ എത്താറ്.

കേരളത്തീരത്തിനടുത്ത് ചക്രവാതചുഴിയുടേയും ന്യൂനമർദ്ദ പാത്തിയുടേയും സ്വാധീനത്താൽ അടുത്ത ഏഴ് ദിവസം ഇടിയോടുകൂടിയ മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ട്. തെക്കൻ കേരളതീരത്ത് ഇന്ന് ശക്തമായ കാറ്റിന് സാധ്യത മുൻനിർത്തി മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്.

പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലകളിൽ മഴസാധ്യത മുൻനിർത്തി മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

ഇന്ത്യൻ ഫുട്ബോൾ താരം സുനിൽ ഛേത്രി അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കുന്നു. കൊൽക്കത്തയിൽ ജൂൺ 6ന് കുവൈത്തിനെതിരായ ലോകകപ്പ് യോഗ്യതാ മത്സരമാവും ഛേത്രിയുടെ അവസാന അന്താരാഷ്ട്ര മത്സരം. ഇന്ത്യയ്ക്കായി ഏറ്റവും കൂടുതൽ അന്താരാഷ്ട്ര ഗോളുകൾ നേടിയ താരമാണ് സുനിൽ ഛേത്രി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

ഇന്നലെ പഞ്ചാബ് കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ 5 വിക്കറ്റിന് പരാജയപ്പെടുത്തി.

✪✪✪

കണ്ണൂർ ജില്ലാ സീനിയർ ഡിവിഷൻ ലീഗ് ഫുട്ബോളിൽ ഇന്ന് കണ്ണൂർ ജില്ലാ പോലീസ്, ബ്രദേഴ്സ് ക്ലബ്ബ് കണ്ണൂരിനെയും, സ്പിരിറ്റഡ് യൂത്ത്സ് ക്ലബ്ബ്, കണ്ണൂർ ലക്കി സ്റ്റാർ ക്ലബ്ബിനെയും നേരിടും.

ഇന്നലെ കാഞ്ഞിരോട് ജനതാ സ്പോർട്സ് ക്ലബ്ബ്, ജൂനിയർ റെഡ് സ്റ്റാറിനെയും , മയ്യിൽ യംങ്ങ് ചാലഞ്ചേർസ്സ് സ്പോർട്സ് ക്ലബ്ബ് , കണ്ണൂർ ജിംഖാന സ്പോർട്സ് ക്ലബ്ബിനെയും തോൽപിച്ചു.

✪✪✪

ഇന്ന് ദേശീയ ഡെങ്കിപ്പനി ദിനം. ഡെങ്കി രോഗവ്യാപനം, പ്രതിരോധം, ചികിത്സ എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വർധിപ്പിക്കാൻ എല്ലാ വർഷവും മെയ് 16 നാണ് ദേശീയ ഡെങ്കിപ്പനി ദിനം ആചരിക്കുന്നത്. ഡെങ്കിപ്പനി പ്രതിരോധം:സുരക്ഷിതമായ നാളെക്കായി നമ്മുടെ ഉത്തരവാദിത്തം എന്നതാണ് ഈ വർഷത്തെ ഡെങ്കി ദിന പ്രമേയം.

സാമൂഹ്യ പങ്കാളിത്തത്തോടെ ഡെങ്കിപ്പനിയെ നിയന്ത്രിക്കാം' എന്ന പ്രമേയത്തിൽ തിരുവനന്തപുരത്ത് ഇന്ന് കൊതുകുജന്യ രോഗങ്ങളുടെയും, മറ്റു പകർച്ച വ്യാധികളുടെയും പ്രതിരോധ- നിയന്ത്രണ പ്രവർത്തനങ്ങൾ സംബന്ധിച്ച യോഗം ചേരും.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കരിപ്പൂരിൽ ഹജ്ജ് സെല്ലിന്റെ പ്രവർത്തനം ഇന്ന് ആരംഭിക്കും. തീർത്ഥാടകരുടെ യാത്രാരേഖകൾ, ലോഹവള, തിരിച്ചറിയൽ കാർഡ് എന്നിവ ഹജ്ജ് സെൽ മുഖേനയാണ് വിതരണം ചെയ്യുന്നത്. ഈ മാസം 20 ന് രാവിലെ 10 മണിക്ക് കരിപ്പൂരിൽ ഹജ്ജ് ക്യാമ്പിന് തുടക്കമാവും. ചൊവ്വാഴ്ച പുലർച്ചെ 12.05ന് കരിപ്പൂരിൽ നിന്ന് 166 തീർത്ഥാടകരുമായി ആദ്യ വിമാനം പുറപ്പെടും.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിന് തുടക്കം കുറിച്ച് നീരെഴുന്നള്ളത്ത് ആരംഭിച്ചു. അടിയന്തിര യോഗക്കാരും, ആചാര്യന്മാരും, സ്ഥാനികരും സമുദായി-യുടെയും പടിഞ്ഞീറ്റ-യുടെയും നേതൃത്വത്തിൽ അക്കരെ കൊട്ടിയൂരിൽ പ്രവേശിച്ച് കൂവയിലയിൽ ബാവലിതീർഥം കൊണ്ടുപോയി സ്വയംഭൂവും പരിസരവും ശുദ്ധിയാക്കുന്ന ചടങ്ങാണ് നീരെഴുന്നള്ളത്ത്.

✪✪✪

കലിക്കറ്റ് സർവകലാശാല ബിരുദ പരീക്ഷാ ഫലം ഇന്ന് പ്രസിദ്ധീകരിക്കും. ഉച്ച കഴിഞ്ഞ് വൈസ് ചാൻസലറുടെ ചേമ്പറിലായിരിക്കും ഫലപ്രഖ്യാപനം. തുടർന്ന് ഔദ്യോഗിക വെബ്സൈറ്റിലും ഫലം ലഭ്യമാകും.

വിദൂര വിദ്യാഭ്യാസ വിദ്യാർത്ഥികളുടെ ബിരുദഫലവും ഇതോടൊപ്പം പ്രസിദ്ധീ കരിക്കും.

✪✪✪